## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നം. 2318 | 11.10.2011- ൽ<br>മറുപടിയ്ക്ക് |

## പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീമതി. ഗീതാ ഗോപി | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ഉന്നത വിദ്യാഭ്യാസവകുപ്പ്മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെല്ലാം കൂടി എത്ര സീറ്റുകളുണ്ട് ; അതിൽ ഗവൺമെന്റ് ക്വാട്ടയിലുള്ള സീറ്റുകൾ എത്ര ; | (എ) സംസ്ഥാനത്ത് സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും കൂടി ആകെ 36472 സീറ്റുകൾ ഉണ്ട്. അതിൽ ഗവ. ക്വാട്ടയിലുള്ള സീറ്റുകളുടെ എണ്ണം 21176 ആണ്. |
| (ബി) മുഴുവൻ സീറ്റുകളിലും വിദ്യാർത്ഥികളെ ലഭിക്കാത്തതുമൂലം സീറ്റുകൾ ഒഴിഞ്ഞു കിടക്കാറുണ്ടോ ; എങ്കിൽ ഈ അദ്ധ്യയന വർഷം എത്ര സീറ്റുകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) സീറ്റുകൾ ഒഴിഞ്ഞു കിടക്കാറുണ്ട്. 2011 വർഷത്തെ അവസാന ഘട്ട അലോട്ട്മെന്റ് 04.10.2011 -ൽ കഴിഞ്ഞപ്പോൾ ആകെയുള്ള 21176 സീറ്റിൽ വിദ്യാർത്ഥികളുടെ ലഭ്യമായ ഓപ്ഷന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അലോട്ട്മെന്റ് നടത്താൻ കഴിഞ്ഞത് 16681 സീറ്റുകളാണ്. വിദ്യാർത്ഥികളുടെ ഓപ്ഷന്റെ അഭാവത്തിൽ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളുടെ എണ്ണം 4495 ആണ്. |
| (സി) എൻട്രൻസ് പരിക്ഷാ സമ്പ്രദായം എടുത്തുകളയാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (സി) സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**